ജില്ലകൾതോറും ടൂറിസം വികസിപ്പിക്കാൻ നടപടി

5 [3459] *ശ്രീ. പി. കെ. കെ. ബാവ:*
" *കളത്തിൽ അബ്ദുള്ള:*
" *സി. മമ്മൂട്ടി:*
" *പി. കെ. അബ്ദുറബ്ബ്:*

നാഴികത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ടൂറിസം മേഖലാവികസനം നടപ്പിൽ വരുത്തുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഏത് ജില്ലയിലാണ് ടൂറിസം വികസനത്തിന് സാദ്ധ്യത കുറഞ്ഞിരിക്കുന്നതായി കണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) ടൂറിസം മേഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ താഴെപ്പറയുന്നവയാണ്:

1. ടൂറിസത്തിന് സാമ്പത്തിക, തൊഴിൽ മേഖലകളിൽ മുൻഗണന നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

2. സാംസ്കാരിക പൈതൃകം സംരക്ഷിക്കുകയും പരിരക്ഷിക്കുകയും ചെയ്യുംവിധം ചിരസ്ഥായിയായ ടൂറിസം വികസനത്തിന് ഊന്നൽ നൽകുക;

3. ടൂറിസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ഉയർന്ന ഗുണനിലവാരത്തിലുള്ള സേവനങ്ങൾ ഉറപ്പുവരുത്തുക;

4. സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ പശ്ചാത്തല സൗകര്യങ്ങൾ നിർമ്മിക്കുക;

5. കായൽപ്പരപ്പ്, ആയുർവേദം, പരിസ്ഥിതി ടൂറിസം, മെഡിക്കൽ ടൂറിസം, പാം ടൂറിസം, പിൽഗ്രിം ടൂറിസം, സാഹസിക ടൂറിസം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക;

6. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക;

7. ടൂറിസം രംഗത്ത് ആവശ്യമായ ഗുണനിലവാരമുള്ള മനുഷ്യവിഭവശേഷി സംസ്ഥാനത്തിനകത്തുതന്നെ സൃഷ്ടിക്കുക;

LIBRARY ARCHIVES Kerala Legislative Assembly

8. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക;

9. സുവനീർ, കരകൗശലം, ഷോപ്പിംഗ് തുടങ്ങിയ മേഖലകൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക;

10. വിനോദസഞ്ചാരപ്രവർത്തനങ്ങളും ഈ വ്യവസായവും നിലനിൽക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുക;

11. കേരള ടൂറിസത്തിന് ദേശീയ-അന്തർദ്ദേശീയ വിപണികളിൽ പുതിയ മേഖലകൾ കണ്ടെത്തി വികസിപ്പിക്കുക;

12. സംസ്ഥാനത്തിന്റെ തനതായ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക;

13. ടൂറിസ്റ്റുകളുടെ സുരക്ഷിതത്വവും, ടൂറിസ്റ്റുകേന്ദ്രങ്ങളിലെ ശുചിത്വവും ഉറപ്പാക്കുക;

14. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ വികസിപ്പിക്കുകയും ചെയ്യുക;

(ബി) ഉണ്ട്.

(സി) & (ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി പ്രഖ്യാപിച്ച സ്ഥലങ്ങൾ

6 [3460] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ഥലങ്ങൾ ടൂറിസം ഡെസ്റ്റിനേഷൻ സെന്ററായി പ്രഖ്യാപിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ടൂറിസം സെന്ററായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള മുഴുവൻ സ്ഥലങ്ങളുടേയും പേര് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 11 സ്ഥലങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly